**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **2060**

**11.02.2020 ൽ മറുപടിയ്ക്ക്**

## നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ആൻസലൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകരയിൽ ഹൈക്കോടതി അംഗീകാരം തന്ന കുടുംബ കോടതി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്ന് അറിയിക്കാമോ; | (എ) യും (ബി) യും (സി) യും നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കണമെന്ന നെയ്യാറ്റിൻകര ബാർ അസോസിയേഷന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 29.9.2015 ൽ ഹൈക്കോടതി രജിസ്ട്രാർ (Subordinate Judiciary) ഒരു പ്രൊപ്പോസൽ സർക്കാരിന് നൽകുകയുണ്ടായി. എന്നാൽ ഈ പ്രൊപ്പോസലിൽ കോടതി സ്ഥാപിക്കാനുള്ള സ്ഥലം എവിടെയാണെന്ന് പരാമർശിച്ചിരുന്നില്ല. കോടതി സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമാകാതെ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അനുമതി നൽകാൻ കഴിയില്ല. നെയ്യാറ്റിൻകരയുൾപ്പെടെ സംസ്ഥാനത്ത് വിവിധയിടങ്ങളിൽ കുടുംബകോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണന ലിസ്റ്റ് തയ്യാറാക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. മേൽ മുൻഗണനാ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാനാവൂ. |
| (ബി) നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നതിന് ഏതൊക്കെ നടപടിക്രമങ്ങൾ ആണ് പൂർത്തീകരിക്കേണ്ടത് എന്ന് വിശദമാക്കാമോ; | |
| (സി) കുടുംബ കോടതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര ബാർ കൗൺസിൽ നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ